(ബി&സി) ഇവരിൽ 58 പേരെ വില്പന വിഭാഗത്തിലും 19 പേരെ ക്ലറിക്കൽ വർക്കിനും 5 പേരെ ഡ്രൈവർമാരായും 6 പേരെ കംപ്യൂട്ടർ ഓപ്പറേറ്റർമാരുമായാണ് നിയമിച്ചിട്ടുള്ളത്. ഇതേ തസ്തികകളിൽ ഇവർ ഇപ്പോൾ ജോലി ചെയ്യുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യത്തിൽ കൺസ്യൂമർ ഫെഡറേഷനിൽ നിന്നും നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ല.

(എഫ്) ഈ തസ്തികകൾക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലില്ല.

കേരള സഹകരണ സംഘം നിയമം

134(1037) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ സംഘം നിയമം സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമാണോ ;

(ബി) ഈ നിയമ വ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന സംഘം/ അപ്പക്സ് സംഘം എന്നിവകൾക്ക് എതിരായി ഏത് വ്യവസ്ഥയനുസരിച്ച് നടപടികൾ എടുക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ;

(സി) 1999-ലെ കേരള സഹകരണ സംഘം ഭേദഗതി ബില്ലിൽ പറയുന്ന വ്യവസ്ഥകൾ സംസ്ഥാനത്തെ എല്ലാ അപ്പക്സ് സംഘങ്ങൾക്കും ബാധകമാണോ ?

(ഡി) 1999-ലെ പുതിയ സഹകരണ നിയമം അനുസരിച്ച് അപ്പക്സ് സംഘങ്ങളിൽ അഫിലിയേഷനും രജിസ്ട്രേഷനും സംബന്ധിച്ച് വ്യവസ്ഥ എന്താണ് ; ഈ വ്യവസ്ഥ എല്ലാ സംഘങ്ങൾക്കും ബാധകമാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന സംഘം/അപ്പക്സ് എന്നിവയ്ക്ക് മേൽ നിയമത്തിലെ വകുപ്പ് 32,68,69,71 തുടങ്ങിയ വകുപ്പുകളും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരവും പീനൽ കോഡിലെ വ്യവസ്ഥകൾ പ്രകാരവും നടപടി സ്വീകരിക്കാവുന്നതാണ്.

(സി) 1999-ലെ കേരള സഹകരണ ഭേദഗതി നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമാണ്.

(ഡി) 1999-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 8എ പ്രകാരം അപ്പക്സ് സംഘത്തിൽ അഫിലിയേറ്റ് ചെയ്യാനും 7-ാം വകുപ്പ് പ്രകാരം സഹകരണ സംഘം രജിസ്ട്രേഷനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly